പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2254 **27-10-2026-ൽ മറുപടിയ്ക്ക്**

മുക്കം ഫയർ സ്റ്റേഷന്റെ ആധുനികവത്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മലയോര കുടിയേറ്റ മേഖലയിലെ മുക്കം ഫയർ സ്റ്റേഷനിൽ ആധുനിക ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

മറുപടി: പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട്, SASCI ഫണ്ട് തുടങ്ങിയ വിവിധ ധനസ്രോതസ്സുകൾ വിനിയോഗിച്ച് സംസ്ഥാനത്തെ അഗ്നിരക്ഷാ നിലയങ്ങൾക്ക് ആധുനിക ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2025 വർഷത്തിൽ Fire Beater-കൾ, Portable Emergency Lighting System (Aska), Smart Interactive Display Panel എന്നിവ മുക്കം അഗ്നിരക്ഷാ നിലയത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ, 2026-2027 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനു നടപടി സ്വീകരിക്കുന്നതും പ്രസ്തുത വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക്, ആവശ്യകതയുടെ അടിസ്ഥാനത്തിൽ മുക്കം അഗ്നിരക്ഷാ നിലയത്തിന് അനുവദിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ